**വ്യക്തിത്വം**

ടി.കെ ഉബൈദ്

# കെ.സി അബ്ദുല്ല മൗലവി

**പണ്ഡിതന്മാരുടെ** നിര്യാണങ്ങളിലൂടെ അല്ലാഹു മനുഷ്യരിൽനിന്ന് വിജ്ഞാനം തിരിച്ചെടുക്കുന്നു എന്ന അർഥത്തിൽ ഒരു നബിവചനമുണ്ട്. ഉല്ലേഖനകലയുടെ സാന്നിധ്യത്തിൽ പൊതുവിലും അനന്തസാധ്യതകളുള്ള കമ്പ്യൂട്ടർമസ്തിഷ്കത്തിന്റെ ആവിർഭാവത്തിനുശേഷം വിശേഷിച്ചും ഈ ഹദീസിന്റെ പ്രസക്തി ഒരു സമസ്യയായിത്തോന്നിയിരുന്നു. അറിവുകൾ സമാഹരിക്കുന്നതിലും ആവശ്യാനുസരണം പുനഃപ്രകാശനം ചെയ്യുന്നതിലും മനുഷ്യമസ്തിഷ്കത്തേക്കാൾ എത്രയോ മുന്നിലാണല്ലോ അവ. എങ്കിലും ചില വിജ്ഞന്മാരുടെ മരണം ഈ ഹദീസ് ഇന്നും എന്നും പ്രസക്തമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. അത്തരം അപൂർവ മരണങ്ങളിലൊന്നാണ് മർഹൂം കെ.സി അബ്ദുല്ല മൗലവിയുടേത്. കേവലം ബുദ്ധിശക്തിയോ, പുസ്തകത്താളുകളിൽനിന്നോ കമ്പ്യൂട്ടർ സ്ക്രീനിൽനിന്നോ വായിച്ചെടുക്കാവുന്ന സ്മരണകളോ അല്ല 'അൽ ഇൽമ്' എന്ന യാഥാർഥ്യത്തിലേക്കു കൂടി അതു വെളിച്ചം വീശുന്നുണ്ട്. അൽ ആലിമുൽ അല്ലാമമാരായി വാഴ്ത്തപ്പെട്ട പലരുടെയും മരണം വിജ്ഞാനലോകത്ത് ചലനമൊന്നും സൃഷ്ടിക്കാതെ പോകുന്നതിന്റെ കാരണവും അത് ചൂണ്ടിക്കാണിക്കുന്നു.

വിശുദ്ധഖുർആനും തിരുസുന്നത്തും നിലനിൽക്കുന്ന കാലത്തോളം ആരുടെയും മരണം മൂലം അടിസ്ഥാനതത്വങ്ങളുടെ സുപരിചിതത്വത്തിന് ഒരു ഹാനിയും സംഭവിക്കുകയില്ലെന്ന് നമുക്കുറപ്പുണ്ട്. അവയുടെ വ്യാഖ്യാനങ്ങളാണെങ്കിൽ, അറിവാളന്മാർ ഗ്രന്ഥത്താളുകളിലൂടെയും ശിഷ്യഹൃദയങ്ങളിലൂടെയും സുരക്ഷിതമായി കൈമാറിക്കൊണ്ടിരിക്കുകയാണ്. എങ്കിൽ പിന്നെ പണ്ഡിതന്മാരുടെ മരണം മൂലം ഉയർത്തപ്പെടുന്ന 'അൽ ഇൽമ്' ഏതാണ്?

വ്യക്തിതലത്തിലോ കുടുംബതലത്തിലോ സംഘടനാ തലത്തിലോ സാമൂഹിക തലത്തിലോ ഒരു പ്രശ്നമുടലെടുക്കുന്നു. ഒറ്റയ്ക്കും കൂട്ടായും പലരും പരിഹാരമാരാഞ്ഞു. അവർക്ക് ഒരു തീരുമാനത്തിൽ, നിലപാടിൽ എത്താൻ പറ്റുന്നില്ല. ഒടുവിൽ കെ.സിയെ പോലുള്ള ഒരാളുടെയടുത്തു ചെല്ലുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ അല്ലെങ്കിൽ അധ്യക്ഷതയിൽ വിഷയം പര്യാലോചിക്കുന്നു. അവിടെ ഒരു തീരുമാനമുണ്ടാകുന്നു. ഈ തീരുമാനം നേരത്തെ പലർക്കും തോന്നിയിട്ടുള്ളതാവാം. ഗ്രന്ഥങ്ങളുടെ പാരായണം സൂചിപ്പിച്ചിട്ടുള്ളതാവാം. പക്ഷേ, അതുശരിയെന്നുറപ്പിക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. അല്ലെങ്കിൽ നിസ്സങ്കോചം എല്ലാവർക്കും അതിൽ യോജിക്കാനായില്ല. ഇപ്പോൾ കെ.സി അതു പ്രസ്താവിച്ചപ്പോൾ എല്ലാവർക്കും ബോധ്യമായി. അംഗീകരിക്കപ്പെടുകയും ചെയ്തു. ഇതാണ് ജ്ഞാനവും ജ്ഞാനിയും ഒന്നാകുന്ന അവസ്ഥ. ഇവിടെയാണ് ഒരാളുടെ തിരിച്ചറിവ് എല്ലാവരുടെയും തിരിച്ചറിവാകുന്നത്. ഈ അറിവ് വലിയൊരനുഗ്രഹമാണ്. ഗ്രന്ഥത്താളുകളിൽനിന്നോ കമ്പ്യൂട്ടർ ഡിസ്ക്കുകളിൽനിന്നോ കിട്ടാത്തത്. എക്കാലത്തും ആനുകാലിക ജീവിതത്തെ സ്വാധീനിച്ചിട്ടുള്ളത് ഈ വിജ്ഞാനമാണ്. വേദത്തോടൊപ്പം പ്രവാചകന്മാർക്ക് നൽകിയിട്ടുള്ളതും ജനങ്ങളെ പഠിപ്പിക്കാൻ കൽപിച്ചിട്ടുള്ളതുമായ ഹിക്മത് ഉണ്ടല്ലോ; അതാണിത്, "ആർക്ക് ഹിക്മത് ലഭിച്ചുവോ അയാൾക്ക് ധാരാളം നന്മകൾ ലഭിച്ചു" (വി. ഖു. 2:269). ഇത്തരം ആലിമുകളുടെ അഭാവത്തിൽ ആളുകൾ അവിവേകികളോടു വിധി തേടാനും അവർ വിനാശകരമായ തീരുമാനങ്ങൾ പ്രഖ്യാപിക്കാനും ഇടയാകുമെന്നു കൂടി മുകളിൽ പരാമർശിച്ച നബിവചനം സൂചിപ്പിച്ചിട്ടുണ്ട്.

ഇങ്ങനെയാണ് കെ.സിയെപ്പോലെയുള്ളവരുടെ മരണം അൽ ഇൽമിന്റെ നിര്യാണമാകുന്നത്. താൻ ബന്ധപ്പെട്ട വ്യക്തികളുടെയും സംഘത്തിന്റെയും സമുദായത്തിന്റെയും ജീവിതത്തെ നിർണായക സന്ധികളിൽ കെ.സി മുന്നോട്ടു തള്ളിയതു പോലെ തള്ളാൻ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾക്കു കഴിയില്ല- അവ എന്നും എല്ലാവർക്കും വെളിച്ചമാകുമെങ്കിലും. അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കും അതിനു കഴിഞ്ഞുകൊള്ളണമെന്നില്ല - അവർക്ക് അല്ലാഹുവിങ്കൽനിന്നുള്ള ഹിക്മത് ലഭിച്ചിട്ടുണ്ടെങ്കിലല്ലാതെ.

കേരളത്തിലെ പള്ളിദർസുകളിൽ പ്രാഥമിക മതവിദ്യാഭ്യാസം ചെയ്ത് വേലൂർ ബാഖിയാത്തിൽ ഉപരിപഠനം നടത്തിയ ഒരു പണ്ഡിതനാണ് കെ.സി. ശുഷ്കമായ പാരമ്പര്യ മതസങ്കൽപങ്ങൾ മാത്രം മന

സ്സിലുറപ്പിക്കുന്ന പ്രാഥമിക വിദ്യാഭ്യാസവും, അതേ അടിത്തറയിൽ എട്ടാം നൂറ്റാണ്ടിലെ പണ്ഡിതന്മാർ എഴുതിവെച്ച അക്ഷരങ്ങളുരുക്കഴിക്കുന്ന ഉപരിവിദ്യാഭ്യാസവും. ഈ യാഥാസ്ഥിതിക പശ്ചാത്തലത്തിന്റെ സൃഷ്ടിയായ കെ.സിയുടെ നിയോഗം സാധാരണഗതിയിൽ ഒരു പള്ളിദർസിൽ മുദർരിസായി, കുറച്ചു പുരോഗമിച്ചാൽ ഒരറബിക്കോളേജിൽ ലക്ചററായി കാലം കഴിക്കുകയായിരുന്നു. പ്രഭാഷണവൈഭവത്തിന് ഊന്നൽ നൽകുകയാണെങ്കിൽ പെണ്ണുങ്ങളുടെ കാതും കഴുത്തും അറുത്തു മദ്റസാ കമ്മിറ്റികളുടെ ഫണ്ടു കൊഴുപ്പിക്കുന്ന സമർഥനായ ഒരു വാഇളുമാകാം. പക്ഷേ, പാരമ്പര്യം വരച്ചിട്ട വഴിയിലൂടെ കണ്ണടച്ചു നീങ്ങാൻ കെ.സി തയാറായില്ല. പാടിപ്പതിഞ്ഞതല്ലാത്ത പാട്ടുകൾക്കും അദ്ദേഹം ചെവികൊടുത്തു. പരമ്പരാഗത കർമശാസ്ത്രത്തിന്റേതല്ലാത്ത പ്രശ്നങ്ങൾക്കു നേരെ മനസ്സിന്റെ കവാടങ്ങൾ തുറന്നിട്ടു. പണ്ടുകാലത്ത് മതപാണ്ഡിത്യം വർധിക്കുംതോറും പുതുമകളോട് വൈമുഖ്യവും ഭയവും വർധിക്കുകയായിരുന്നു സൂക്ഷ്മമായ മതപാണ്ഡിത്യത്തിന്റെ ലക്ഷണം. ഇവിടെയാണ് പാരമ്പര്യ മതപണ്ഡിതന്മാരിൽനിന്ന് കെ.സി പ്രധാനമായും വ്യതിരിക്തനായത്. പുതുമകളിൽനിന്ന് പേടിച്ചോടാതെ അവയെ സധൈര്യം പഠിക്കാൻ മാത്രമല്ല, പരീക്ഷിക്കാനും അദ്ദേഹം തയാറായി. ഈ ജിജ്ഞാസയും പരീക്ഷണ കൗതുകവും മരണം വരെ കെ.സിയുടെ കൂടെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നേതൃശൈലിയിലും അദ്ദേഹം പടുത്തുയർത്തിയ സ്ഥാപനങ്ങളിലും രചിച്ച ഗ്രന്ഥങ്ങളിലുമെല്ലാം അതിന്റെ സവിശേഷതകൾ തെളിഞ്ഞു പ്രകാശിക്കുന്നതു കാണാം.

പരിഷ്കാരത്തിന്റെ പിമ്പേ പായുന്ന ഒരാളായിരുന്നു കെ.സി എന്നല്ല. പഴയതൊക്കെ തോട്ടിലെറിഞ്ഞ ആൾ എന്നുമല്ല. പഴയമയെപ്പോലെ പുതുമയും പഠന വിധേയമാക്കിയ ആൾ എന്നാണ്.

കെ.സിയെ സംബന്ധിച്ചിടത്തോളം വിശ്വാസവും വിജ്ഞാനവും തമ്മിൽ സംഘട്ടനത്തിന്റെ പ്രശ്നമില്ല. വിജ്ഞാനം, അത് ഏതിനത്തിൽ പെട്ടതായാലും വിശ്വാസസമുദ്രത്തിലേക്കൊഴുകുന്ന നദിയാണ്. എന്നാൽ നദികളിലൂടെ ഒഴുകിയെത്തുന്ന ജലംകൊണ്ടു മാത്രമല്ല സമുദ്രം നിറഞ്ഞുകിടക്കുന്നതെന്നും അദ്ദേഹത്തിനു തീർച്ചയുണ്ടായിരുന്നു. വിശ്വാസവും വിജ്ഞാനവും ഒരേസമയം അദ്ദേഹത്തെ ക്ഷണിച്ചത് ഭക്തിയിലേക്കും വികസ്വരമായ വിചാരത്തിലേക്കുമാണ്. പകൽ മരക്കച്ചവടം ചെയ്യാനെന്ന പോലെ എന്നും പാതിരാവിൽ ഉറക്കത്തിൽനിന്നുണർന്നെഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കാനും അത് അദ്ദേഹത്തെ പ്രചോദിപ്പിച്ചു. ഖുർആനിലെ പരലോകത്തെക്കുറിച്ചെന്നപോലെ, ആധുനികശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളെക്കുറിച്ചും അദ്ദേഹം ചിന്തിച്ചു. ദ്വന്ദമാനമായ ഈ സമീപനം ഏതു സംഭവ വികാസത്തിനും ആത്മീയതയും ഭൗതികതയും ഉരുകിച്ചേർന്നു രൂപംകൊണ്ട, തന്റേതുമാത്രമായ ഒരു വിശദീകരണം നൽകാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. കെ.സിയുടെ 'അല്ലാഹു ഖുർആനിൽ' എന്ന ഗ്രന്ഥവും ഇറാഖ്-കുവൈത്ത് യുദ്ധത്തെ വിലയിരുത്തികൊണ്ട് *പ്രബോധനം* വാരിക (വിപത്സന്ധികളുടെ ഗുണപാഠം. *പ്രബോധനം* വാ. 49, ല. 14) യിൽ എഴുതിയ ലേഖനവും ഈ വീക്ഷണവിശേഷത്തിന്റെ നിദർശനങ്ങളാണ്. ഇടയ്ക്കിടെ ആഴ്ചകളോളം പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്ന കെ.സിയെ ഒരേസമയം ജീവിതത്തിന്റെ എല്ലാ തുറകളിലും സക്രിയമായ പരിപാടികൾ നിർദേശിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ സാരഥിയും സങ്കീർണമായ സ്ഥാപനങ്ങളുടെ ഉപജ്ഞാതാവും സ്നേഹസമ്പന്നനായ കുടുംബനാഥനുമാക്കിയതും ആശയ-പദാർഥ സങ്കലിതമായ ഈ ജീവിതാവബോധം തന്നെ.

1921-ലെ മലബാർ വിപ്ലവത്തിനു ശേഷം സ്വാതന്ത്ര്യ ലബ്ധിവരെയുള്ള കാലയളവിൽ ഗതിമുട്ടിയ കേരള മുസ്‌ലിംസമൂഹം പുതിയൊരു ദിശാ സങ്കൽപത്തിനുവേണ്ടി ഉഴറുകയായിരുന്നു. അന്ന് കേരളക്കരയിലെ ഇസ്‌ലാംമതചരിത്രത്തിന് പുതിയ പാത വെട്ടിത്തെളിയിക്കുന്നതിൽ നേതൃത്വപരമായ പങ്കു വഹിച്ച പണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്നു മർഹൂം കെ.സി അബ്ദുല്ലമൗലവി. ചിന്താരംഗത്ത്, ആധുനിക പ്രത്യയശാസ്ത്രങ്ങളെ ഇസ്‌ലാമുമായി താരതമ്യം ചെയ്യുന്ന സമ്പ്രദായത്തിന് അദ്ദേഹം തുടക്കം കുറിച്ചു. ഉർദുഭാഷയിൽനിന്ന് അദ്ദേഹം ഇസ്‌ലാമും സോഷ്യലിസവും എന്ന പേരിൽ ഒരു പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ഒരു കൊച്ചു കൃതിയായിരുന്നുവെങ്കിലും പുറംലോകത്ത് രൂപംകൊണ്ടുവരുന്ന ആധുനിക മതചിന്തകളുമായി കേരളീയരെ ബന്ധിപ്പിച്ച പ്രഥമ കണ്ണിയായിരുന്നു അത്.

പരമ്പരാഗത വിദ്യാഭ്യാസരീതി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത കെ.സിയോളം ഉൾക്കൊണ്ടിരുന്നവർ വിരളമാണ്. ബാഖിയാത്തിൽനിന്നു ബിരുദം നേടി കേരളത്തിലെത്തിയ കെ.സി ആദ്യം ശ്രദ്ധിച്ചതും അതിലാണ്. മതവിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഈറ്റില്ലങ്ങളായിരുന്ന വാഴക്കാട്ടും തിരൂരങ്ങാടിയിലും എം.സി.സിയോടൊപ്പം കെ.സിയുമുണ്ടായിരുന്നു. മർഹൂം ഇസ്സുദ്ദീൻ മൗലവി കാസർകോട്ട് മദ്റസ ആലിയ തുടങ്ങിയപ്പോൾ കെ.സി അവിടെയുമെത്തി. മത-ഭൗതിക വിദ്യാഭ്യാസങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാഭ്യാസനയം ആവിഷ്കരിക്കുന്നതിലും കെ.സി മുൻപന്തിയിലുണ്ടായിരുന്നു. പിന്നീട് ഈ വിദ്യാഭ്യാസസമ്പ്രദായത്തെ

സർക്കാറിന്റെ ഔപചാരിക വിദ്യാഭ്യാസ പദ്ധതിയുമായി കൂട്ടിയിണക്കുന്നതിന് നേതൃത്വം നൽകിയതും അദ്ദേഹം തന്നെ. സ്വന്തം നാട്ടിൽ കേരളത്തിലെ ആദ്യത്തെ വനിതാ വിദ്യാഭ്യാസ സ്ഥാപനം പടുത്തുയർത്തിയതും കെ.സിയായിരുന്നു. ദീനീ വിദ്യാഭ്യാസ നവീകരണത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് ധാരാളം എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുമുണ്ടദ്ദേഹം.

സാസ്കാരിക രംഗത്ത്, ജമാഅത്തെ ഇസ്‌ലാമി എന്ന വിപ്ലവ പ്രസ്ഥാനം കേരളത്തിന്റെ മണ്ണിൽ നട്ടുപിടിപ്പിക്കുന്നതിൽ, അതിന്റെ ആദ്യനാൾ തൊട്ടേ കെ.സി പങ്കാളിയായി. രണ്ടു ദശകത്തിലേറെ കാലം അദ്ദേഹം ജമാഅത്തിന്റെ കേരള ഘടകത്തിന്റെ അമീറായി പ്രവർത്തിച്ചു. ഇടക്കാലങ്ങളിൽ ഇമാറത്തിന്റെ ഔദ്യോഗിക സ്ഥാനത്തുനിന്ന് വിട്ടുനിന്നത്, സംഘടന അദ്ദേഹത്തെ തിരസ്കരിച്ചതുകൊണ്ടായിരുന്നില്ല. ആരോഗ്യപരവും മറ്റുമായ കാരണങ്ങളാൽ സ്വന്തം ആവശ്യപ്രകാരമായിരുന്നു.

എല്ലാ മാനുഷിക ഗുണങ്ങളും ഒന്നിനൊന്നു മികച്ചു നിൽക്കുന്നതായിരുന്നു കെ.സിയുടെ വ്യക്തിത്വം. സ്നേഹസമ്പന്നനായ രക്ഷിതാവ്, ഗൗരവപ്രകൃതിയിയായ നേതാവ്, ക്ഷുഭിതനായ പ്രതിയോഗി, തമാശപറഞ്ഞു പൊട്ടിച്ചിരിക്കുന്ന നർമരസികൻ, അബദ്ധങ്ങളിൽ ഖേദിച്ചു വിതുമ്പിക്കരയുന്ന നിഷ്കളങ്കൻ. ഇങ്ങനെ കെ.സിയുടെ ഒട്ടേറെ മുഖങ്ങൾ കണ്ടിട്ടുണ്ട്. കെ.സി ഒരാളെ വിശ്വസിച്ചാൽ, കലവറയില്ലാതെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യുമെന്നും അത്തരമാളുകൾ അദ്ദേഹത്തെ തെറ്റായ നിലപാടുകളിലേക്ക് നയിക്കാറുണ്ടെന്നും ചിലർ പറയുന്നതു കേട്ടിട്ടുണ്ട്. ഇതിലാദ്യത്തേത് ശരിയാണെന്നു തോന്നുന്നില്ല. അങ്ങനെ ചിരിച്ച് മയക്കാവുന്ന ഒരു വ്യക്തിത്വമായിരുന്നില്ല അത്. തനിക്ക് യോജിപ്പില്ലാത്ത കാര്യങ്ങളിൽ സഹകരണം തേടിക്കൊണ്ട്, എല്ലാ അനുനയവിദ്യകളുടെയും അകമ്പടിയോടെ വരുന്നവരെ നിർദാക്ഷിണ്യം ഇറക്കിവിടുന്നത് കണ്ടിട്ടുണ്ട്. 'അതിനാണ് വന്നതെങ്കിൽ ഇരിക്കണ്ട. എന്നെ അതിനു കിട്ടില്ല. വേഗം പൊയ്ക്കോളിൻ' എന്ന് വെട്ടിത്തുറന്നു പറഞ്ഞുകൊണ്ട് തന്നെ. അവരെ അൽപം കൂടി മയത്തിൽ പറഞ്ഞു വിടാമായിരുന്നില്ലേ അദ്ദേഹത്തിന് എന്ന് അപ്പോൾ തോന്നാതിരുന്നിട്ടുമില്ല.

ഏതു വ്യക്തിത്വഗുണവും ബലമോ ബലഹീനതയോ ആകുന്നത് അതു പ്രകടമാകുന്ന പരിതസ്ഥിതിയെ ആശ്രയിച്ചാണ്. സ്ഥാനത്തും അസ്ഥാനത്തും കോപിക്കുന്ന ഒരാളെ സംബന്ധിച്ചേടത്തോളം കോപം ഒരു ദൗർബല്യമാണ്. സ്ഥാനത്തുമാത്രം കോപിക്കുന്നതാണ് ബലം. സ്ഥാനത്തുമാത്രം കോപിക്കുന്നവരും സന്ദർഭത്തെ വിലയിരുത്തുന്നതിൽ പിഴച്ചുപോയാൽ അസ്ഥാനത്തും കോപിച്ചേക്കും. പക്ഷേ, അത് അയാളുടെ ദൗർബല്യമാകുന്നില്ല. മാറ്റങ്ങളോട് രചനാത്മകമായി പ്രതികരിക്കാനുള്ള ഉത്സാഹം കെ.സിയുടെ പ്രബലമായ ഒരു കഴിവായിരുന്നു. ഈ ഉത്സാഹം തന്നെ വലിയ ദൗർബല്യമെന്നോണം പ്രകടമായ സന്ദർഭവും ഉണ്ടായിട്ടുണ്ട്. തൊള്ളായിരത്തി എഴുപത്തഞ്ചിൽ, ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെട്ടു. കെ.സിയും സഹപ്രവർത്തകരും കുറെനാൾ ജയിലിലടക്കപ്പെടുകയും ചെയ്തു. ജയിൽവാസം കഴിഞ്ഞ് തിരിച്ചെത്തിയ കെ.സി അടിയന്തരാവസ്ഥയെ വിലയിരുത്തിയത്, ഇന്ത്യൻ സംവിധാനത്തിൽ ശാശ്വതമായി സംഭവിച്ച ഒരു മാറ്റമായിട്ടാണ്. രാജ്യം ഇനി പഴയ അവസ്ഥയിലേക്ക് തിരിച്ചു പോവുക എന്നത് ബ്രിട്ടീഷ് ഭരണം തിരിച്ചുവരുന്നത് പോലെ വിദൂരമാണെന്ന് അദ്ദേഹത്തിനു തോന്നി. അതുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിക്ക് ഇനിയും പ്രവർത്തനാനുമതി ലഭിക്കുമെന്ന പ്രതീക്ഷ അദ്ദേഹത്തിനു നഷ്ടപ്പെട്ടു. തുടർന്ന് നിലവിലുള്ള അവസ്ഥയോടു രാജിയായി പുതിയൊരു പ്രവർത്തന രീതി ആവിഷ്കരിക്കുന്നതിനെക്കുറിച്ചായി അദ്ദേഹത്തിന്റെ ചിന്ത. അടിയന്തരാവസ്ഥയെ എതിർത്തു തോൽപിക്കുന്നതിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്ന പ്രസ്ഥാനപ്രവർത്തകർക്ക് ഈ നിലപാട് ഉൾക്കൊള്ളാനായില്ലെന്നു മാത്രമല്ല, തെറ്റുധാരണകൾ സൃഷ്ടിക്കുകയും ചെയ്തു.

സംഘടനാ നായകൻ എന്ന നിലക്ക് തന്റെ സഹപ്രവർത്തകരെയും അനുയായികളെയും വിലയിരുത്താനുള്ള കെ.സിയുടെ സാമർഥ്യം അസാമാന്യം തന്നെയായിരുന്നു. കെ.സിയുടെ തീഷ്ണമായ നോട്ടം മുമ്പിലുള്ള ആളുടെ മാറ് പിളർന്നു മനസ്സിന്റെ അടിത്തട്ടിലോളം ചെല്ലുന്നതായി തോന്നും. പ്രഥമ ശ്രവണത്തിൽ അതിശയോക്തിപരം എന്നു തോന്നിയ വിലയിരുത്തലുകൾ പിന്നീട് അക്ഷരംപ്രതി ശരിയെന്നു തെളിഞ്ഞ എത്രയോ അനുഭവങ്ങളുണ്ട്. ഒരിക്കൽ ജമാഅത്തിന്റെ ഒരനുബന്ധസ്ഥാപനത്തിൽ ഒരു യുവാവിനെ ജോലിക്കു നിശ്ചയിച്ചു. ബന്ധപ്പെട്ടവർക്ക് നേരത്തെ പരിചയമുള്ള, സാമർഥ്യവും ചുറുചുറുക്കുമുള്ള ഒരു ചെറുപ്പക്കാരൻ. വിവരം കെ.സിയെ അറിയിച്ചപ്പോൾ പ്രതികരണം ഇങ്ങനെയായിരുന്നു: "പാമ്പിന്റെ കുട്ടിയെയാണ് നിങ്ങൾ വളർത്തുന്നത്." ഭീമമായ ഏതോ തെറ്റുധാരണയെ ആസ്പദിച്ചുള്ള ഒരഭിപ്രായപ്രകടനമായേ അതു കേട്ടവർ കരുതിയുള്ളൂ. ഒന്നു രണ്ടു വർഷങ്ങൾക്കുശേഷം കെ.സിയുടെ വാക്കുകൾ കൃത്യമായ പ്രവചനമെന്നോണം പുലരുകയാണുണ്ടായത്. മറ്റൊരിക്കൽ ജമാഅത്തുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഭാരവാഹികൾ അതിന്റെ സ്ഥിരം ഭര

ണസമിതിയിലേക്ക് ചില പ്രമുഖ വ്യക്തികളെ നോമിനേറ്റു ചെയ്തു. അവർ ആ ലിസ്റ്റ് കെ.സിയുടെ അടുത്തു കൊണ്ടുവന്നു. കൂട്ടത്തിൽ, പണ്ഡിതനും പ്രശസ്തനുമായ ഒരാളുടെ പേർ വായിച്ചപ്പോൾ കെ.സി ചോദിച്ചു: "നിങ്ങൾ ഈ വിവരം അദ്ദേഹത്തെ അറിയിച്ചു കഴിഞ്ഞുവോ?" അറിയിച്ചു എന്നു പറഞ്ഞപ്പോൾ കെ.സി: "എങ്കിൽ ഇനി അനുഭവിക്കാം." വിചിത്രമായ ഒരഭിപ്രായപ്രകടനമായാണ് കേട്ടവർക്കു തോന്നിയത്. പക്ഷേ, ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ അവർ അനുഭവിച്ചു തുടങ്ങുക തന്നെ ചെയ്തു. ഇതുപോലുള്ള പല ഉദാഹരണങ്ങളുമുണ്ട്. തീർച്ചയായും അവയ്ക്കു അപവാദങ്ങളുണ്ടാകും. ആ അപവാദങ്ങൾ പക്ഷേ, കെ.സിയുടെ ക്രാന്തദൃഷ്ടിയെ നിഷേധിക്കുകയില്ല.

കെ.സിയുമായി ബന്ധപ്പെട്ടിട്ടുള്ള ആർക്കും ആ വ്യക്തിബന്ധത്തിന്റെ ഊഷ്മാവ് അനുസ്മരിക്കാതിരിക്കാനാവില്ല. ഈ ലേഖകൻ മുപ്പതുവർഷങ്ങൾക്കപ്പുറം വിദ്യാർഥിയായിരുന്ന കാലത്താണ് കെ.സിയെ ആദ്യമായി കണ്ടത്. കാമ്പും കരുത്തുമുള്ള ഒരു വ്യക്തിത്വമാണ് അദ്ദേഹമെന്ന് അന്നേ അറിഞ്ഞിരുന്നു. മഹാന്മാരോട് ഈയുള്ളവൻ ഏറെ അടുക്കാറില്ല. അവരോട് തോന്നുന്ന മതിപ്പും ആദരവും കുറഞ്ഞുപോകാതിരിക്കാൻ അതാണ് നല്ലതെന്നു തോന്നിയിട്ടുണ്ട്. പക്ഷേ, വിധി എന്നെ കെ.സിയുടെ അടുത്തെത്തിച്ചു. അടുക്കും തോറും സ്നേഹബഹുമാനങ്ങൾ വളർത്തുന്ന വ്യക്തിത്വമാണ് കെ.സിയുടേതെന്ന് ബോധ്യമാവാൻ ഏറെ നാൾ വേണ്ടിവന്നില്ല. *പ്രബോധന*ത്തിൽ ചേർന്ന ആദ്യകാലങ്ങളിൽ എന്റെ ഏതെങ്കിലും രചന ശ്രദ്ധേയമായി തോന്നിയാൽ അദ്ദേഹം അഭിനന്ദിച്ചിരുന്നു. സ്ഖലിതങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. വീക്ഷണപരമായി ഭിന്നിപ്പ് പ്രകടിപ്പിച്ചിരുന്നത് ഒരു സമശീർഷനുമായി ചർച്ച ചെയ്യുന്നതു പോലെയായിരുന്നു.

മൗലാനാ മൗദൂദി സാഹിബിന്റെ തർജുമയെ ഖുർആനിന്റെ(ഖുർആൻ ഭാഷ്യം) പരിഭാഷയുമായി ബന്ധപ്പെട്ടാണ് കെ.സിയുമായി ഏറെ അടുക്കാൻ ഇടയായത്. തർജുമയെ ഖുർആന്റെ മലയാള പരിഭാഷ തയാറാക്കാൻ 86-നു മുമ്പു തന്നെ ഐ.പി.എച്ച് എന്നെ ഏൽപിച്ചിരുന്നു. അതങ്ങനെ ഇഴഞ്ഞുനീങ്ങുകയായിരുന്നു. '86-ലെ ഒരു ശൂറ യോഗം ഖുർആൻ ഭാഷ്യം കഴിയുന്നത്ര വേഗം പ്രസിദ്ധീകരിക്കണമെന്നും എന്റെ തർജമ കെ.സി അബ്ദുല്ലമൗലവി പരിശോധിക്കണമെന്നും തീരുമാനിച്ചു. യോഗത്തിനു ശേഷം പുറത്തുവന്ന കെ.സി എന്നോടു പറഞ്ഞു: "നാളെ മുതൽ പരിശോധന തുടങ്ങണം." അതോടെ എന്റെ അലസഗതിക്ക് നിൽക്കക്കള്ളിയില്ലാതായി. പരിശോധന മുന്നോട്ടു പോകുന്ന മുറക്ക് പരിഭാഷയ്ക്ക് വേഗത കൂട്ടാൻ ഞാൻ നിർബന്ധിതനായി. അൽപം തണുക്കുന്നുവെന്നു കണ്ടാൽ അദ്ദേഹം പിതൃനിർവിശേഷമായ നിർബന്ധം ചെലുത്തും. അദ്ദേഹത്തിന്റെ നിർബന്ധമില്ലായിരുന്നുവെങ്കിൽ ആ സംരംഭം പിന്നെയും ഒരു പതിറ്റാണ്ടു നീണ്ടുപോകുമായിരുന്നു. ഞാൻ പരിഭാഷ വായിക്കുക, അദ്ദേഹം ഖുർആന്റെ അറബി മൂലവുമായും മൗദൂദി സാഹിബിന്റെ ഉർദു തർജമയുമായും അത് ഒത്തുനോക്കുക. ഇതായിരുന്നു പരിശോധനാ രീതി. പഴയ ഗുരുകുല സമ്പ്രദായത്തിലെ പാഠം കേൾക്കൽ തന്നെ. ഖുർആനിലും അറബി-ഉർദു ഭാഷകളിലുമുള്ള കെ.സിയുടെ അവഗാഹം പലപ്പോഴും എന്നെ അമ്പരപ്പിച്ചിട്ടുണ്ട്. സ്വന്തം അജ്ഞതയോർത്ത് ലജ്ജിച്ചിട്ടുമുണ്ട്. അതിനെക്കാളേറെ എന്നെ സ്വാധീനിച്ചത് ആ മനസ്സിന്റെ ഉദാരതയാണ്. തെറ്റുകൾ ക്ഷമാപൂർവം തിരുത്തിത്തന്നു. തെറ്റ് ഗുരുതരമാണെങ്കിൽ ചിലപ്പോൾ ഒന്ന് ഊറിച്ചിരിക്കും. എന്നിട്ട് വിശദീകരിക്കും. ഒരിക്കലും കോപിക്കുകയോ പരിഹസിക്കുകയോ ചെയ്തില്ല. അതേ സമയം ചില മലയാളവാക്കുകളുടെ കാര്യത്തിൽ സ്വന്തം പരിമിതി തുറന്നുപറയാനും എന്നോട് അന്വേഷിച്ച് സ്വയം തിരുത്താനും അദ്ദേഹം ആർജവം കാണിക്കുകയും ചെയ്തു.

ഇടക്കാലത്ത് കെ.സി സുഖമില്ലാതെ വീട്ടിലിരിപ്പായി. ഖുർആൻഭാഷ്യത്തിന്റെ പണി മുടങ്ങാൻ അന്നും അദ്ദേഹം അനുവദിച്ചില്ല. പിന്നെ പരിശോധന അദ്ദേഹത്തിന്റെ വീട്ടിൽവെച്ചായി. അക്കാലത്ത് ഞാൻ കെ.സിയുടെ വീട്ടിൽ നിത്യസന്ദർശകനായിരുന്നു. കെ.സിയുടെ ആതിഥേയത്വം പ്രസിദ്ധമാണ്. ഒരു ശിഷ്യനായി ചെല്ലുന്ന എന്നെ എന്നും ആദ്യമായി എത്തുന്ന അതിഥിയെപ്പോലെയാണ ദ്ദേഹം സ്വീകരിച്ചിരുന്നത്. മിക്കപ്പോഴും പ്രാതലിന്നു തന്നെ ഞാൻ തേക്കുമ്പാലിൽ എത്തും. പലപ്പോഴും ഉച്ചയൂണും കഴിഞ്ഞേ തിരികെപ്പോരാനനുവദിക്കൂ. അഭിജാതമായ ആ പെരുമാറ്റവും സൽക്കാരപ്രിയവും അനുഭവിച്ചവർക്കത് മറക്കാനാവില്ല.

കെ.സി എന്റെ നേതാവായിരുന്നു. മേലധികാരിയായിരുന്നു. ഗുരുനാഥനായിരുന്നു. എങ്കിലും ഒരു കുട്ടിയോടെന്നപോലെ വാത്സല്യത്തോടെയാണ് അദ്ദേഹം എന്നും എന്നോട് പെരുമാറിയിട്ടുള്ളത്. ക്ഷോഭിക്കുന്ന കെ.സിയെ ഞാൻ കണ്ടിട്ടുണ്ട്. രൂക്ഷമായി ആക്ഷേപിക്കുന്ന കെ.സിയെയും കണ്ടിട്ടുണ്ട്. എന്നാൽ എനിക്കൊരിക്കലും അദ്ദേഹത്തിന്റെ ക്ഷോഭം നേരിടേണ്ടിവന്നിട്ടില്ല. ക്ഷോഭിക്കാനും പൊട്ടിത്തെറിക്കാനുമുള്ള എത്രയോ അവസരങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, എന്റെ തെറ്റുകുറ്റങ്ങളെ എന്നും അക്ഷോഭ്യനായിട്ടാണ് അദ്ദേഹം സമീപിച്ചത്. കെ.സി ഇമാറത്തിൽനിന്ന് മാറിനിൽക്കുന്ന കാലത്തൊരിക്കൽ ഞാൻ അദ്ദേഹത്തെ ധിക്കരിച്ചതായി ന്യായമായും അദ്ദേഹത്തിനു തോന്നാവുന്ന

ഒരബദ്ധം എന്നിൽ നിന്നുണ്ടായി. അതദ്ദേഹത്തെ നന്നായി ചൊടിപ്പിച്ച തായി എനിക്ക് മനസ്സിലാവുകയും ചെയ്തു. ഞാൻ കുറെനാൾ കെ.സിക്കു മുഖം കൊടുക്കാതെ മാറി നടന്നു. ആയിടക്ക് ചേന്ദമംഗല്ലൂർ കോളേജിൽ പോകേണ്ട ഒരാവശ്യം നേരിട്ടു. ചെന്നപ്പോൾ കെ.സി കോളേജ് ഓഫീസിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ കാണാതെ ചെന്ന കാര്യം നിർവഹിച്ച് വേഗം തിരിച്ചു പോന്നു. അങ്ങനെ ചെയ്തത് അദ്ദേഹമറിയാനിടയായാൽ നീരസം ഇരട്ടിക്കില്ലേ എന്ന ഭയം എന്നെ അലട്ടുന്നുണ്ടായിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് മേരിക്കുന്നിൽ വന്ന കെ.സിയുടെ മുന്നിൽ ഞാൻ അറിയാതെ ചെന്നു പെട്ടു. അദ്ദേഹം പൊട്ടിച്ചിരിച്ചു കൊണ്ടു പറഞ്ഞു: "ഉബൈദിന്റെ ചേന്ദമംഗല്ലൂർ രഹസ്യ സന്ദർശനം ഞാൻ അറിഞ്ഞിരിക്കുന്നു കെട്ടോ!" എനിക്ക് എന്നോട് തന്നെ ലജ്ജതോന്നി. 'നിന്റെ വങ്കത്തമൊക്കെ മനസ്സിൽ വെച്ചു കൊണ്ടിരിക്കുകയാണ് ഞാനെന്നു കരുതിയോ പൊട്ടാ നീ' എന്നു ചോദിക്കുന്നതു പോലെയാണ് ഞാനതു കേട്ടത്. '90-ലാണെന്നു തോന്നുന്നു, *പ്രബോധന*ത്തിൽ ഞാനെഴുതിയ ഒരു കുറിപ്പ്, ആയിടക്ക് സംസ്ഥാനത്ത് പ്രാസ്ഥാനിക പര്യടനത്തിനിറങ്ങിയ കെ.സിക്ക് പലയിടത്തും വലിയ ശല്യമായിത്തീർന്നു. കെ.സി തിരിച്ചെത്തിയാൽ എന്റെ നേരെ ഒരു പൊട്ടിത്തെറി തന്നെ ഞാൻ ഭയപ്പെട്ടിരുന്നു. എനിക്ക് എന്റേതായ ന്യായങ്ങളുണ്ടായിരുന്നുവെങ്കിലും അതൊന്നും അദ്ദേഹത്തോടു പറഞ്ഞു ഫലിപ്പിക്കാൻ കഴിയില്ല. കെ.സി തിരിച്ചുവന്നപ്പോൾ കുറേ ദിവസം ഞാൻ ആ പൊട്ടിത്തെറിയും കാത്തു നടന്നു. പക്ഷേ, അങ്ങനെയൊരു സംഭവമുണ്ടായതായി പോലും കെ.സി എന്നോടു പറയുകയുണ്ടായില്ല. എന്നെ സംബന്ധിച്ചിടത്തോളം ആ മൗനം ഒരു പൊട്ടിത്തെറിയേക്കാൾ പ്രത്യാഘാതങ്ങളുണ്ടാക്കിയതായിരുന്നു.

ഇത്തരം വിട്ടുവീഴ്ചകളും ദാക്ഷിണ്യങ്ങളും ഒരു നേതാവിനെക്കാളും ഗുരുനാഥനെക്കാളുമുപരി ഒരു പിതൃസ്ഥാനീയനെയാണ് കെ.സിയിൽ എനിക്കു കാണിച്ചു തന്നത്. ആ പിതൃസങ്കൽപം മനസ്സിലുറപ്പിക്കുന്ന മറ്റൊരു സംഭവമുണ്ടായി. '88-ൽ എന്റെ പിതാവ് നിര്യാതനായി. തൊട്ടുടനെ ഞാൻ രോഗം ബാധിച്ച് വീട്ടിൽ കിടപ്പിലാവുകയും ചെയ്തു. നാട്ടിൽ നടത്തിയ ചികിത്സ കൊണ്ടൊന്നും കാര്യമായ മെച്ചമുണ്ടായിരുന്നില്ല. പിതാവിന്റെ ആകസ്മിക നിര്യാണം വീട്ടിന്റെ മേൽക്കൂര പെട്ടെന്ന് പറന്നുപോയതു പോലെ ഒരു തരം അരക്ഷിതബോധം സൃഷ്ടിച്ചു. രോഗബാധ കടുത്ത നിസ്സഹായതയും. ഈ അസ്വസ്ഥതകളുമായി മല്ലിട്ടുകഴിയുന്ന സന്ദർഭത്തിൽ തെക്കെവിടെയോ പാർട്ടി പരിപാടിക്കു പോകുന്ന വഴി കെ.സി വീട്ടിൽ വന്നു. രോഗവിവരങ്ങളാരാഞ്ഞ ശേഷം അദ്ദേഹം പറഞ്ഞു: "ഇതിങ്ങനെ ഇവിടെവെച്ചു കളിച്ചാൽ പറ്റൂല. മെഡിക്കൽ കോളേജിലെ ഏതെങ്കിലും സ്പെഷ്യലിസ്റ്റിനെ കാണണം. നാളെ കാലത്ത് ഒരുങ്ങിയിരിക്കുക. ഞാൻ ഈ വഴി തന്നെ തിരിച്ചുവരാം. ഈ വണ്ടിയിൽ നമുക്ക് കോഴിക്കോട്ടേക്കു പോകണം." പിറ്റേന്നു കെ.സിയോടൊപ്പം കോഴിക്കോട്ടേക്കു പോകുമ്പോൾ എനിക്കോർക്കാനുണ്ടായിരുന്നത് സമാനമായ പഴയ ഒരു യാത്രയായിരുന്നു. സ്വന്തം വീട്ടിൽ നിന്നകലെ ഒരു ബന്ധുഗൃഹത്തിൽ താമസിച്ച് സ്കൂളിൽ പഠിക്കുന്ന കാലം. ഞാൻ കടുത്ത പനി പിടിച്ച് കിടപ്പിലായി. ഉറ്റ ബന്ധുക്കളായ വീട്ടുകാർ നന്നായി ചികിത്സിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. എവിടെയോ പോയി വരുന്ന എന്റെ പിതാവ് യാദൃഛികമായി അവിടെയെത്തി. എന്റെ സ്ഥിതി കണ്ട അദ്ദേഹം കുറേക്കൂടി മെച്ചപ്പെട്ട ചികിത്സ വേണമെന്നു പറഞ്ഞു കൊണ്ട് എന്നെ ഉടനെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. യാത്രകളുടെ ഈ സാദൃശ്യം പുതിയൊരു സുരക്ഷിതത്വ ബോധമായി, ആശ്വാസത്തിന്റെ കുളിരായി എന്റെ മനസ്സിൽ നിറയുകയായിരുന്നു. കെ.സിയെ സംബന്ധിച്ചിടത്തോളം അതൊരു പക്ഷേ, അനുസ്മരണീയമായ ഒരു സംഭവമേ ആയിരിക്കുകയില്ല. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം പിതാവിനു പകരം അദ്ദേഹം എന്നെ ഏറ്റെടുക്കുകയായിരുന്നു. വ്യക്തിപരമായ എന്തെങ്കിലും പ്രശ്നങ്ങളുമായി എനിക്ക് കെ.സിയെ സമീപിക്കേണ്ടി വന്നിട്ടില്ല. എങ്കിലും അങ്ങനെ വേണ്ടിവന്നാൽ 'ഞാനുണ്ട്' എന്ന വിശ്വാസം അദ്ദേഹം അനായാസം എനിക്കു തന്നു. അത്തരം വിശ്വാസങ്ങളാണല്ലോ നമ്മുടെയൊക്കെ ജീവിതത്തിന്റെ ഈടുവയ്പുകൾ. അമൂല്യമായ ആ ഈടുവയ്പ് ഇങ്ങിനി പകരം വയ്ക്കാനാകാത്തവിധം വിനഷ്ടമായിരിക്കുന്നു. എനിക്കു മാത്രമല്ല; കെ.സി എന്ന മഹാ മനുഷ്യന്റെ തണലനുഭവിച്ചിരുന്ന എല്ലാവർക്കും.